# സമ്മർദം ചെലുത്തി നിയമം പിൻവലിപ്പിക്കണം

**മജീദ് മേമൻ**
**(മുംബൈ ഹൈക്കോടതി അഭിഭാഷകൻ)**

**നിയമവിരുദ്ധ** പ്രവർത്തന നിരോധന നിയമം (യു.എ.പി.എ) അനിവാര്യമായ ഒന്നാണെന്ന് ഞാൻ കരുതുന്നില്ല. ഇനി രാജ്യ സുരക്ഷക്ക് ഇത് അനിവാര്യമാണെന്ന് ഭരണകർത്താക്കൾക്ക് തോന്നുന്നുവെങ്കിൽ, പരീക്ഷണാടിസ്ഥാനത്തിൽ താൽക്കാലിക നിയമമായി അത് പാസ്സാക്കാമായിരുന്നു. പക്ഷേ, സുസ്ഥിര നിയമം പോലെയാണ് ഇത് വന്നിരിക്കുന്നത്. ഇത്തരം നിയമങ്ങൾക്ക് നിയമപുസ്തകങ്ങളിൽ ഇടം കൊടുക്കാനേ പാടില്ലാത്തതാണ്. താൽക്കാലികമായി നിയമം പാസ്സാക്കുക, നാട് പൂർവസ്ഥിതി പ്രാപിച്ചാൽ നിയമം പിൻവലിക്കുക. ഇതാണ് വേണ്ടിയിരുന്നത്.

നിയമം ഇല്ലാത്തതുകൊണ്ടല്ല ഭീകരപ്രവർത്തനം വർധിക്കുന്നത്. നമ്മുടെ രഹസ്യാന്വേഷണ വിഭാഗങ്ങൾ അവരുടെ ഉത്തരവാദിത്വം യഥാവിധം നിർവഹിക്കുന്നുണ്ടോ? ഭീകരപ്രവർത്തനം തടയുന്നതിൽ സർക്കാറുകൾക്കുണ്ടോ വല്ല ആത്മാർഥതയും? നിയമം നിർമിക്കുന്നതിന് മുമ്പ് ഈവക കാര്യങ്ങൾ ശരിയാക്കാനാണ് ശ്രമിക്കേണ്ടിയിരുന്നത്.

കടുത്ത നിയമം വേണമെന്ന ബി.ജെ.പിയുടെ ആവശ്യം വെറും രാഷ്ട്രീയമാണ്. ടാഡ നിലവിലിരിക്കുമ്പോഴല്ലേ പാർലമെന്റിലും അക്ഷർധാം ക്ഷേത്രത്തിലും ആക്രമണം നടന്നത്. നിയമം ഉണ്ടായതുകൊണ്ട് മാത്രം ഭീകരപ്രവർത്തനം കുറയാൻ പോകുന്നില്ല. പുതിയ നിയമത്തിൽ പോലീസിന് ധാരാളം അധികാരങ്ങൾ നൽകുന്നു. ഇത് ദുരുപയോഗത്തിന്റെ വ്യാപ്തി കൂട്ടുക മാത്രമേ ചെയ്യൂ. ഇത്തരം നിയമങ്ങൾ രാജ്യത്തെ എല്ലാ പൗരന്മാരെയും ദോഷകരമായി ബാധിക്കും. നിയമത്തെക്കുറിച്ച് മുസ്‌ലിംകൾ പ്രകടിപ്പിക്കുന്ന ആശങ്ക ഒട്ടും അസ്ഥാനത്തല്ല. മുൻകാലങ്ങളിൽ ഇത്തരം നിയമങ്ങളുടെ പ്രധാന ഇരകൾ അവരായിരുന്നല്ലോ. ഈ നിയമത്തിനെതിരെ മുസ്‌ലിംകൾ ശക്തമായി രംഗത്ത് വരികയും ഗവൺമെന്റിൽ സമ്മർദം ചെലുത്തുകയും വേണം. ■